"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്- "അങ്കണപ്പൂമഴ" പ്രായാനുസൃത പ്രവർത്തന പുസ്തകം പ്രിന്റ് ചെയ്ത് അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.257/2024/WCDD തീയതി,തിരുവനന്തപുരം, 20-07-2024

---

പരാമർശം:-
1. സ.ഉ(സാധാ) നം. 261/2023/വശിവിവ തീയതി 10/05/2023
2. കേന്ദ്ര സർക്കാരിന്റെ 01/03/2024 തീയതിയിലെ CD-II-14/1/2024-CD-II (e-112569) നം കത്ത്
3. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 23.06.2024 ലെ DWCD/4392/2022-ICDSB2 നമ്പർ കത്ത്

**ഉത്തരവ്**

അങ്കണവാടികൾ വഴി നൽകി വരുന്ന സേവനങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ പ്രീ സ്കൂൾ വിദ്യാഭ്യാസത്തിന് അഞ്ച് വികാസ മേഖലകൾക്ക് ഊന്നൽ നല്കി 30 തീമുകളിലായി 123 വികാസ ശേഷികൾ കുട്ടികൾ കൈവരിക്കുന്നതിനായി മൂന്നു മുതൽ നാലു വരെ പ്രായക്കാർക്കും നാലു മുതൽ അഞ്ച് വരെ പ്രായക്കാർക്കും വെവ്വേറെ പ്രവർത്തന പുസ്തകങ്ങൾ തയ്യാറാക്കിയ "അങ്കണപ്പൂമഴ" വർക്ക് ബുക്കിന് പരാമർശം (1) പ്രകാരം രൂപീകൃതമായ വിദഗ്ധ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. "അങ്കണപ്പൂമഴ" വർക്ക് ബുക്കിൽ ജൻഡർ ഓഡിറ്റിംഗും നടത്തിയിട്ടുണ്ട്.

(2) 2024-25 സാമ്പത്തിക വർഷം അങ്കണവാടി പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റിൽ ഉൾപ്പെടുത്തുന്നതിനായുള്ള ഇനങ്ങൾ തെരഞ്ഞെടുക്കുന്നതിനായി കൂടിയ ടെക്നിക്കൽ കമ്മിറ്റി അങ്കണവാടികൾക്കുള്ള Age Approximate work book ന്റെ പ്രിന്റിംഗിനുള്ള തുക പ്രീസ്കൂൾ കിറ്റിനായുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

(3)അങ്കണപ്പൂമഴ പ്രായാനുസൃത പ്രവർത്തന പുസ്തകം (3+ & 4+) അച്ചടിച്ച് കേരളത്തിലെ 258 ഐസിഡിഎസ് പ്രോജക്റ്റ് ഓഫീസുകളിൽ വിതരണം ചെയ്യേണ്ടതുണ്ട്. ആയതിനുള്ള നിരക്ക് ഉൾപ്പെടുത്തി സി ആപ്റ്റ് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിക്കുന്നതിനും പ്രിന്റിങ്ങിനായി സ്പെസിഫിക്കേഷൻ അംഗീകരിച്ചു തുക നെഗോഷിയേറ്റ് ചെയ്യുന്നതിനുമായി 14.05.2024 തീയതിയിൽ കമ്മിറ്റി കൂടുകയുണ്ടായി. ചുവടെ പറയുന്ന സ്പെസിഫിക്കേഷനും, എണ്ണവും പ്രകാരം വർക്ക് ബുക്കുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള ചെലവ് ചുവടെ ചേർക്കുന്നു.

70 GSM White paper (3-4 age) = Rs. 1,34,99,200/-

70 GSM White papter (4-5 age) = Rs. 88,33,500/-

TOTAL = 2,23,32,700/-
GST 18% = 40,19,886/-
GRAND TOTAL = 2,63,52,586/-

(4) 2024-25 സാമ്പത്തിക വർഷം അങ്കണവാടി പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റിൽ ഉൾപ്പെടുത്തുന്നതിനായുള്ള ഇനങ്ങൾ തെരഞ്ഞെടുക്കുന്നതിനായി കൂടിയ ടെക്നിക്കൽ കമ്മിറ്റി അങ്കണവാടികൾക്കുള്ള Age appropriate work book ന്റെ പ്രിന്റിംഗിനുള്ള തുക പ്രീസ്കൂൾ കിറ്റിനായുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിന് തീരുമാനിച്ച സാഹചര്യത്തിൽ സി ആപ്റ്റ് സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിക്കുന്നതിനും, കമ്മിറ്റി ശുപാർശ ചെയ്ത സ്പെസിഫിക്കേഷനും എണ്ണവും പ്രകാരം വർക്ക് ബുക്കുകൾ സി ആപ്റ്റ് മുഖേന അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള അനുമതിയ്ക്കായും ഇതിനാവശ്യമായ തുക 2,63,52,586/- (രണ്ടു കോടി അറുപത്തിമൂന്ന് ലക്ഷത്തി അൻപത്തി രണ്ടായിരത്തി അഞ്ഞൂറ്റി എൺപത്തിയാറു രൂപ മാത്രം) രൂപ അങ്കണവാടി സർവീസസ് ജനറൽ പദ്ധതിയിൽ ഉൾപ്പെട്ട പ്രീസ്കൂൾ കിറ്റ് എന്ന കമ്പോണന്റിനായി പരാമർശം (2) പ്രകാരം അനുവദിച്ച തുകയിൽ നിന്ന് വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകണമെന്ന് പരാമർശം (3) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(5) സർക്കാർ ഇക്കാര്യം പരിശോധിച്ചു. അങ്കണവാടികൾക്കുള്ള Age appropriate work book ന്റെ പ്രിന്റിംഗിനുള്ള തുക പ്രീസ്കൂൾ കിറ്റിനായുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി തീരുമാനിച്ച സാഹചര്യത്തിൽ, കമ്മിറ്റി ശുപാർശ ചെയ്ത സ്പെസിഫിക്കേഷനും എണ്ണവും പ്രകാരം വർക്ക് ബുക്കുകൾ സി ആപ്റ്റ് മുഖേന അച്ചടിച്ച് വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകിയും, ഇതിനാവശ്യമായ തുക 2,63,52,586/- (രണ്ടു കോടി അറുപത്തിമൂന്ന് ലക്ഷത്തി അൻപത്തി രണ്ടായിരത്തി അഞ്ഞൂറ്റി എൺപത്തിയാറു രൂപ മാത്രം) രൂപ പ്രീസ്കൂൾ കിറ്റിനായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 20-07-2024 16:55:34

സെക്ഷൻ ഓഫീസർ